# കേരകർഷകർക്ക് പ്രതീക്ഷയായി നീര

കേരകർഷകർക്ക് വലിയ പ്രതീക്ഷകളേകിക്കൊണ്ട് കേരളത്തിൽ നീര ഉത്പാദനത്തിനും ഉത്പന്നവിപണനത്തിനും ഔപചാരികമായ തുടക്കം കുറിച്ചിരിക്കുകയാണ്. വിവിധ പ്രശ്നങ്ങളാൽ വലയുന്നവരാണ് സംസ്ഥാനത്തെ കേരകർഷകർ. അവർക്ക് കൂടുതൽ വരുമാനംകിട്ടുന്നതിനായി നീര ഉത്പാദിപ്പിക്കണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. ഏതാനും മാസങ്ങൾക്കുമുൻപ് സർക്കാർ ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുത്തതോടെയാണ് പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ ഊർജിതമായത്. നീര സംസ്കരിച്ച് വിപണിയിലെത്തിക്കുന്നതിനും മറ്റും വിപുലമായ സംവിധാനങ്ങളേർപ്പെടുത്തുന്നതോടെ, കേരകർഷകർക്ക് വരുമാനത്തിൽ വൻ വർധനയുണ്ടാകുമെന്നാണ് പ്രതീക്ഷ. കോട്ടയത്ത് കർഷകരും തൊഴിലാളികളുമടക്കം ഒട്ടേറെപ്പേർ പങ്കെടുത്ത സമ്മേളനത്തിലാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നീരയുടെ ലോഞ്ചിങ്ങും ആദ്യലൈസൻസ് വിതരണവും നിർവഹിച്ചത്. ഒരു തെങ്ങിൽനിന്ന് ദിവസം ഒരു ലിറ്റർ നീര ഉത്പാദിപ്പിച്ചാൽ മാസംതോറും ശരാശരി 1500 രൂപയുടെ വരുമാനംകിട്ടുമെന്ന് നാളികേരവികസന ബോർഡ് കണക്കാക്കുന്നു. കേരളത്തിൽ മൊത്തമുള്ള 18 കോടി തെങ്ങുകളിൽ ഒരുശതമാനം നീര ഉത്പാദനത്തിന് വിനിയോഗിച്ചാൽത്തന്നെ കൊല്ലത്തിൽ കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാകും. കർഷകനെന്നപോലെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയ്ക്കും നേട്ടമാകുന്ന പദ്ധതി, ഉദ്ദേശിക്കുംവിധം പ്രായോഗികമാക്കാനുള്ള നടപടികളാണ് ഇനി ഉണ്ടാകേണ്ടത്.

നാളികേര ഉത്പാദനത്തെ കാര്യമായി ബാധിക്കാത്തവിധം നീര ഉത്പാദിപ്പിക്കാമെന്നതാണ് മറ്റൊരു നേട്ടം. നീര സംസ്കരിച്ച് തെങ്ങിൻചക്കര, തെങ്ങിൻപഞ്ചസാര, നീര സിറപ്പ്, തേൻ തുടങ്ങിയവയും ഉണ്ടാക്കാം. നീര ഉത്പാദനത്തിലൂടെ വരുമാനവർധനയ്ക്കുള്ള സർവസാധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയണം. കേരളത്തിലെ തെങ്ങുകൃഷിക്കാരിലധികവും ചെറുകിടക്കാരാണ്. ആ നിലയ്ക്ക്, കർഷകരുടെ കൂട്ടായ്മകളിലൂടെയേ ഉത്പാദനവും വിപണനവും സാധ്യമാക്കാനാവൂ. 40 മുതൽ 60വരെ കർഷകർ അംഗങ്ങളായുള്ള സംഘങ്ങളാണ് അടിസ്ഥാന യൂണിറ്റായി വിഭാവനംചെയ്യുന്നത്. 20 സംഘങ്ങൾ ചേർന്ന് ഫെഡറേഷനും 10 ഫെഡറേഷനുകൾചേർന്ന് കമ്പനിയും രൂപവത്കരിക്കാം. 11 കമ്പനികൾ ഇപ്പോൾ രൂപവത്കരിച്ചിട്ടുണ്ട്. ഇത്തരം കമ്പനികളിൽ അംഗങ്ങളായ 4 ലക്ഷത്തോളം കർഷകർക്കാണ് തുടക്കത്തിൽ നീര ഉത്പാദനത്തിൻെറ പ്രയോജനം കിട്ടുക. സ്വതന്ത്രരായിനിൽക്കുന്ന കർഷകർക്കും കമ്പനിയുടെ ഭാഗമാകാനോ സംഘം രൂപവത്കരിച്ച് പുതിയ കമ്പനിയുണ്ടാക്കാനോ കഴിയുമെന്ന് നാളികേരവികസന ബോർഡ് പറയുന്നു. കേരളത്തിൽ 35 ലക്ഷത്തിലേറെ കേരകർഷകരുണ്ട്. ഏതുവിധത്തിലായാലും കൂടുതൽപേർക്ക് പ്രയോജനം ലഭിക്കുംവിധം പദ്ധതി വിപുലമാക്കാനുള്ള നടപടികൾ ഉണ്ടാകണം.

നീരചെത്താൻ പരിശീലനം ലഭിച്ചിട്ടുള്ളവർ ഇപ്പോൾ കുറവാണ്. പരിശീലനം ലഭിച്ചവർവഴി ഒരുവർഷത്തിനുള്ളിൽ ആയിരക്കണക്കിനുപേർക്ക് പരിശീലനംനൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. നീര ഉത്പാദനത്തിൻെറപേരിൽ കള്ളുചെത്ത് വ്യവസായത്തിന് ഒരു ദോഷവുമുണ്ടാകില്ലെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഉത്പാദനം ലാഭകരമാക്കാനാവശ്യമായ എല്ലാ അനുമതികളും നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും നൽകുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയസ്ഥിതിക്ക് ഒരുതലത്തിലും പ്രശ്നങ്ങളുണ്ടാവില്ലെന്നാശിക്കാം. നാളികേരത്തിന് അടുത്തകാലത്താണ് വില കുറച്ചെങ്കിലും ഉയർന്നത്. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ, ഉത്പാദനക്ഷമതയിലെ കുറവ്, തൊഴിലാളിക്ഷാമം, ചെലവിലുണ്ടായ വർധന തുടങ്ങിയവ കർഷകരെ ഇപ്പോഴും അലട്ടുന്നു. ഈ സാഹചര്യത്തിൽ, നീര ഉത്പാദനംപോലുള്ള പദ്ധതികൾക്ക് പ്രസക്തിയേറെയാണ്. നാളികേരത്തിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികളും കൂടുതൽ വ്യാപകമാക്കണം. വിവിധ മേഖലകളിൽ ഒട്ടേറെ സഹകരണസംഘങ്ങളും കൂട്ടായ്മകളും ഉള്ള കേരളത്തിൽ ഇതും പ്രയാസമുള്ള കാര്യമല്ല.